വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള)

(എ) മോണോസൈറ്റ് ഫാക്ടറിയുടെ സ്ഥാപനത്തിനു് ആവശ്യമായ മൂലധനത്തിന്റെ 66 ശതമാനം ഇന്ത്യാഗവൺമെണ്ടു് വഹിക്കുന്നതാണു്.

(ബി) ഉണ്ടു്.

വിദ്യുച്ഛക്തിവിതരണം

*സ 62 (ക 0) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹു: മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പത്തനംതിട്ട ടൗണിലേക്കുള്ള വിദ്യുച്ഛക്തിവിതരണം എന്നുമുതൽ നടപ്പിലാകും?

(ബി) അതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

(എ) ഈ കാര്യം ഗവൺമെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുകയാണു്.

(ബി) ഇല്ല; പക്ഷെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞു.

WAITING SHEDS

*953. [13] **Sri. K. Ramachandran:** Will the Hon'ble Minister for Public Works & Communications be pleased to state.—

(*a*) whether Government have any idea of constructing more waiting sheds for passengers; and

(*b*) whether Government should welcome any such move by the public to construct wayside waiting sheds as "memorials"?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes. The question is under consideration.

(*b*) Government will be glad to consider the question when such a move is made.

എക്സ്പ്രസ്സ് സർവ്വീസ്

*സ 62 (ക 9) സാഹിബ് ബഹദൂർ എ. മുഹമ്മദു മസ്സൂഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുനലൂർനിന്നും തിരുവനന്തപുരത്തേക്കു് ഒരു എക്സ്പ്രസ്സ് സർവ്വീസ് ആരംഭിക്കണമെന്നു് പത്തനാപുരം താലൂക്കിലെ പൊതുജനങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു്.

(ബി) സർവ്വീസ് നടത്തുന്നതിനു് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടു്. ഉടനെ സർവ്വീസ് ആരംഭിക്കുന്നതായിരിക്കും.

TRICHUR MUNICIPAL TOWN

*955. [17] **Sri. A. M. Thomas:** Will the Hon'ble Minister for Local Self Government be pleased to state.—

(*a*) has there been a proposal to extend the limits of Trichur Municipal Town; and

(*b*) if so, what action has been taken?

Chief Minister **(Sri. C. Kesavan):** (*a*) Yes.

(*b*) The Council has put off the proposal for better times.

LIBRARY ARCHIVES Kerala Legislative Assembly